**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4954** **01-11-2021 - ൽ മറുപടിയ്ക്ക്**

**വികലാംഗ സർട്ടിഫിക്കറ്റിന്റെ അർഹത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഗ്രേഡ് 2 അറ്റൻഡറായ ജെ. അജയകുമാറിനെക്കുറിച്ച് തൊഴിൽ വകുപ്പിലുള്ള എഫ്2/164/2017/എൽ.ബി.ആർ.ഡി. നമ്പർ ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇയാൾക്ക് ലഭിച്ച വികലാംഗ സർട്ടിഫിക്കറ്റിന്റെ അർഹതയെപ്പറ്റിയുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ; | (എ) | കോവളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഗ്രേഡ് 2 അറ്റൻഡറായ ശ്രീ.ജെ.അജയകുമാറിനെക്കുറിച്ച് ലഭിച്ച പരാതി പരിശോധിച്ച് വരുന്നു. |
| (ബി) | നെയ്യാറ്റിൻകര വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഇദ്ദേഹത്തിന് ഇന്റർവ്യൂ കാർഡ് അയച്ചത് സംബന്ധിച്ച പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കോവളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഗ്രേഡ് 2 അറ്റൻഡറായ ശ്രീ.ജെ.അജയകുമാറിനെക്കുറിച്ച് ലഭിച്ച പരാതി പരിശോധിച്ച് വരുന്നു. |
| (സി) | മൂന്ന് വർഷമായി കോവളം ഡിസ്പെൻസറിയിൽ ജോലി ചെയ്യുന്ന ഈ വ്യക്തിയുടെ പോലീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ; കേസിൽ പ്രതിയായ ഇയാൾ ഇപ്പോഴും ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പോലീസ് വേരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്; തിരുവനന്തപുരം ജില്ലാ റൂറൽ പോലീസ് മേധാവിയുടെ 04.02.2021 ലെ കത്ത് പ്രകാരം ശ്രീ.അജയകുമാറിന്റെ പേരിൽ ക്രിമിനൽ കേസുകൾ ഇല്ല. |
| (ഡി) | അന്തർ ജില്ലാ വകുപ്പ് സ്ഥലം മാറ്റത്തിനായി ഇദ്ദേഹം നൽകിയ അപേക്ഷയിന്മേൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പരിഗണിക്കാതെ മേലുദ്യോഗസ്ഥൻ ശിപാർശ ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | അന്തർ വകുപ്പ് സ്ഥലമാറ്റ അപേക്ഷ അർഹതയില്ല എന്ന കാരണത്താൽ നിരസിക്കുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ